**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1283** — **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊൻമുടിയിൽ ആരംഭിക്കുന്ന റെസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പൊൻമുടിയിൽ റെസ്റ്റ് ഹൗസിന്റെ നിർമാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പൊൻമുടിയിൽ റസ്റ്റ് ഹൗസിന്റെ ഭാഗമായി പുതിയ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിലവിലുള്ള റസ്റ്റ് ഹൗസിന്റെ നവീകരണ വികസന പ്രവർത്തികളും, കഫറ്റേരിയ, ടോയിലറ്റ് ബ്ലോക്ക് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 75 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായുള്ള കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം സർക്കാരിൽ പരിശോധിച്ചു വരുന്നു. ഇവ കൂടാതെ കൂടുതൽ മുറി സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള കോട്ടേജുകളുടെ നിർമ്മാണവും, റസ്റ്റോറന്റ്, പൂന്തോട്ടങ്ങൾ ലാന്റ് സ്കേപ്പിംഗ് വർക്ക് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള Final Architectural drawing തയ്യാറാക്കി വരികയാണ്. ഇവയുടെ Detailed drawing പൂർത്തിയായാൽ കോട്ടേജുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ